## അടിയന്തരപ്രമേയം

### നികത്തിയ നെൽപ്പാടങ്ങൾക്കും നീർത്തടങ്ങൾക്കും നിയമസാധുത നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2005 ജനുവരി 1-ന് മുമ്പ് നിയമവിരുദ്ധമായി നികത്തിയ നെൽപ്പാടങ്ങൾക്കും നീർത്തടങ്ങൾക്കും പിഴ ഈടാക്കിയതിനുശേഷം നിയമസാധുത നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നതുമൂലം സംസ്ഥാനത്ത് അവശേഷിക്കുന്ന പാടങ്ങൾകൂടി നികത്തപ്പെടാനും ഭക്ഷ്യസുരക്ഷയും പാരിസ്ഥിതിക സംരക്ഷണവും ഇല്ലാതാക്കാനും ഇടയാക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, കെ. കെ. ജയചന്ദ്രൻ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2005 ജനുവരി 1-ന് മുമ്പ് നിയമവിരുദ്ധമായി നികത്തിയ നെൽപ്പാടങ്ങൾക്കും നീർത്തടങ്ങൾക്കും പിഴ ഈടാക്കിയതിനുശേഷം നിയമസാധുത നൽകാൻ സർക്കാർ തീരുമാനിച്ച കാര്യം ഇപ്പോൾ പുറത്തുവന്നിരിക്കുന്നു എന്നതാണ് ഇന്ന് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത് യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം

ബഹുമാന്യനായ മുഖ്യമന്ത്രി 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തുകയുണ്ടായി. ജനസമ്പർക്ക പരിപാടിയിൽ വിവിധ ഡിപ്പാർട്ടുമെന്റു മായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് പരാതികൾ ലഭിക്കുകയുണ്ടായി. പരാതികൾ പരിശോധിച്ചശേഷം അവ എങ്ങനെയാണ് പരിഹരിക്കപ്പെടേണ്ടതെന്നും ഓരോ വകുപ്പുമായി ബന്ധപ്പെട്ട് എടുക്കേണ്ട തീരുമാനങ്ങളെന്തൊക്കെയാണെന്നും അതെങ്ങനെയാണ് നടപ്പിലാക്കേണ്ടതെന്നതിനെക്കുറിച്ചും ഞങ്ങൾ ക്യാബിനറ്റിൽ വിശദമായി ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2012 ഫെബ്രുവരി 8-ാം തീയതി ഞങ്ങൾ ചില തീരുമാനങ്ങളെടുത്തു. ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള നോട്ടീസിലും ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. റവന്യൂ വകുപ്പുമായും സഹകരണ വകുപ്പുമായും ബന്ധപ്പെട്ട ചർച്ചകളാണ് മുഖ്യമായും അന്ന് നടന്നത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ചില തീരുമാനങ്ങളെടുത്തു. സംസ്ഥാനത്ത് ഇതുവരെ റീസർവ്വേ നടത്തിയതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇനിയും റീസർവ്വേ നടത്താനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ സർവ്വേ നടത്താവുന്നതാണെന്നും തത്വത്തിൽ തീരുമാനിച്ചു. പട്ടയം നൽകുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി 24,000/- രൂപ എന്നത് 1,00,000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. 01-01-1977

-ന് മുമ്പുള്ള കേസുകളിൽ ജോയിന്റ് വെരിഫിക്കേഷനുശേഷം പട്ടയം കൊടുത്തിട്ടുള്ള ഭൂമി റവന്യൂ ഭൂമിയായി കണക്കാക്കേണ്ടതാണെന്നും പട്ടാധാരന് ഭൂമി കൈമാറ്റം ചെയ്യാനുള്ള അവകാശമുൾപ്പെടെയുള്ള പൂർണ്ണ അവകാശമുണ്ടായിരിക്കുന്നതാണെന്നും തീരുമാനിച്ചു. പട്ടയം നൽകിയിട്ടുള്ള ഭൂമിയിലെ മരങ്ങൾ, ചന്ദന മരമൊഴികെ, പട്ടാധാരൻ അതിന്റെ വില ഒടുക്കുയിട്ടുണ്ടെങ്കിൽ ഒടുക്കുന്ന മുറയ്ക്ക് മുറിച്ചു മാറ്റുന്ന തിന് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി അനുമതി നൽകാൻ തീരു മാനിച്ചു. ഇടുക്കി ജില്ലയിൽ 01-01-1977-ന് മുമ്പുള്ള കൈവശക്കാർക്ക് 1500 പട്ടയങ്ങൾ തയ്യാറായിട്ടുണ്ട്. അതുപോലെ ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് 3400 പട്ടയങ്ങളും തയ്യാറായിട്ടുണ്ട്. ആകെ 4900 പട്ടയങ്ങൾ ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണ്. ജലവൈദ്യുതി പ്രദേശങ്ങളിൽ പദ്ധതിക്കുവേണ്ടി വരുന്ന ഭൂമി കഴിച്ച് ബാക്കി ഭൂമിക്ക് പട്ടയം നൽകുന്ന കാര്യം ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ്, വിജി ലൻസ് വകുപ്പുമന്ത്രിയെയും ഊർജ്ജ വകുപ്പുമന്ത്രിയെയും ചുമതലപ്പെടു ത്താൻ തീരുമാനിച്ചു. തൊടിയാർ, മാങ്കുളം ഭാഗങ്ങളിലുള്ള പട്ടയ വിത രണം ഒരു മാസത്തിനുള്ളിലും പെരിഞ്ചാൻകുട്ടി, പത്തുചാൺ ഭാഗങ്ങളി ലുള്ള പട്ടയവിതരണം 6 മാസത്തിനുള്ളിലും പൂർത്തീകരിക്കേണ്ടതാണ്. ...... (തടസ്സം)...... ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. വിഷയത്തിൽ നിന്ന് ഒളിച്ചോടാനല്ല. കല്ലട ഇറിഗേഷൻ കനാൽ ഭാഗത്ത് താമസിക്കുന്ന

വർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിച്ച് നടപടികൾ ത്വരിതപ്പെടുത്തുവാൻ റവന്യൂ വകുപ്പ് വിജിലൻസ് വകുപ്പുമന്ത്രിയെയും ജലസേചന വകുപ്പുമന്ത്രിയെയും ചുമതലപ്പെടുത്താൻ തീരുമാനിച്ചു. നെൽപ്പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. വർഷങ്ങൾക്കുമുമ്പ് രൂപാന്തരം സംഭവിച്ച നെൽവയലുകളും തണ്ണീർത്തടങ്ങളും ഇപ്പോഴും റവന്യൂ രേഖകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി തുടരുന്നുണ്ട്. ഇത്തരം രൂപാന്തരങ്ങൾക്ക് ഒറ്റത്തവണ മാത്രം ക്രമപ്പെടുത്തുന്നതിനായി 01-01-2005-ന് മുമ്പായി രൂപാന്തരം വരുത്തിയിട്ടുള്ള തണ്ണീർത്തടങ്ങൾക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് അനുമതി നൽകാവുന്നതാണ്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അന്നെടുത്ത മറ്റ് ചില തീരുമാനങ്ങളുമുണ്ട്. സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത് വായ്പാ കാലാവധിക്കുമുമ്പ് മരണപ്പെട്ടവരുടെ വായ്പ തുക എഴുതിത്തള്ളുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത് ആയത് വായ്പാ കാലാവധിക്കുശേഷം മരണപ്പെട്ടവർക്കും ബാധകമാക്കുവാൻ തീരുമാനിച്ചു. ഈയിനത്തിൽ ഒന്നര ലക്ഷം രൂപവരെ എഴുതിത്തള്ളാൻ തീരുമാനിച്ചു. പരാലിസിസ്, ക്യാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ എന്നിവമൂലം ശയ്യാവലംബരായവരുടെ വായ്പയിൽ 75,000/- രൂപ വരെ എഴുതിത്തള്ളാൻ തീരുമാനിച്ചു. വായ്പ തുക തിരികെ അടയ്ക്കു

ന്നതിന് മനപൂർവ്വം വീഴ്ചവരുത്താത്തതും വായ്പാ കുടിശ്ശിക തുക ഒറ്റ ത്തവണയായി തിരിച്ചടയ്ക്കാൻ കഴിയാത്ത നിർദ്ധനരായവരുടെ പിഴപ്പ ലിശ ഒഴിവാക്കുവാൻ സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടു ണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിൽനിന്നും കിട്ടിയ പരാതികളുടെ അടിസ്ഥാന ത്തിൽ അത് പരിഹരിക്കപ്പെടുന്നതിനുവേണ്ടി ക്യാബിനറ്റിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനങ്ങളാണിവ. ഈ തീരു മാനങ്ങൾ ഞങ്ങൾ മറച്ചുയ്ക്കേണ്ട ആവശ്യമില്ല. ക്യാബിനറ്റെടുത്ത തീരു മാനങ്ങളാണ് ഞാനിവിടെ വായിച്ചത്. ഗവൺമെന്റിനെ സംബന്ധിച്ചിട ത്തോളം വളരെ വ്യക്തതയോടുകൂടി കാര്യങ്ങൾ പുറത്തുപറഞ്ഞിട്ടുള്ളതാ ണ്. ഈ സഭയിൽ ഡിമാന്റ് ചർച്ചയിലും ചോദ്യോത്തര വേളയിലും ബഹു മാനപ്പെട്ട ശ്രീ. വി. എസ്. സുനിൽ കുമാർ അടിയന്തര പ്രമേയം അവതരി പ്പിച്ചപ്പോഴും ഗവൺമെന്റ് ഇക്കാര്യത്തിലെടുത്ത നിലപാടുകൾ എന്തെല്ലാമാണെന്ന് ഞാൻ മറുപടി പറഞ്ഞിരുന്നു. ഇത്രയുമാണ് സഭയെ എനിക്ക് ബോധ്യപ്പെടുത്താനുള്ളത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, വളരെ ലാഘവത്തോടുകൂടിയാണ് റവ ന്യൂ വകുപ്പുമന്ത്രി ഈ പ്രശ്നത്തെ സമീപിച്ചത്. കേരളത്തിലെ ഒരു നിയമത്തെ ശിശുഹത്യ നടത്തി അത് മറച്ചുവച്ച കുറ്റമാണ് ഈ ക്യാബിന റ്റിനുള്ളത്. ഈ നിയമം നടപ്പിലാക്കിയപ്പോൾ കേരളത്തിലെ ഭൂമാഫിയ സംഘങ്ങൾ ഇതിനെതിരായി പരിശ്രമിച്ചിരുന്നു. പക്ഷേ ഈ സഭ ഒന്നടങ്കം

തീരുമാനിച്ച നിയമമാണ് നെൽവയൽ നീർത്തട സംരക്ഷണ നിയമം ഈ നിയമം വരുന്നതിനുമുമ്പുള്ള കേസുകൾ 1967-ലെ ലാൻഡ് യൂട്ടിലൈ സേഷൻ ഓർഡർ പ്രകാരം നിൽക്കുന്നതാണ്. ഈ രണ്ട് നിയമത്തെയും കൊല്ലുന്നതിനുള്ള ഉത്തരവാണ് 2012 ഫെബ്രുവരി 8-ാം തീയതി മന്ത്രി സഭായോഗം തീരുമാനിച്ചതെന്ന് ഇതുവരെ മറച്ചുവച്ചിരിക്കുകയായിരുന്നു. റവന്യൂ വകുപ്പുമന്ത്രി പറയുന്നത് അദ്ദേഹം ചോദ്യത്തിന് ഉത്തരമായി പറഞ്ഞു എന്നാണ്. രേഖകൾ പരിശോധിക്കണം. അദ്ദേഹം പറഞ്ഞതു പോലെ 2012 ഫെബ്രുവരി 8-ാം തീയതി പ്രത്യേക ക്യാബിനറ്റ് യോഗം ചേർന്നെടുത്ത തീരുമാനങ്ങളിൽ സുപ്രധാനമായ ഈ തീരുമാനം എന്തി നാണ് മറച്ചുവച്ചത്? ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സത്യം ജനങ്ങ ളാണ് രാജാവ്. പൊതുസമൂഹത്തിൽ നിന്നും ജനങ്ങളിൽ നിന്നും മറച്ചു വയ്ക്കാൻ പാടില്ല. ഇത് ജനങ്ങളിൽ നിന്ന് മറച്ചുവച്ചത് എന്തിനാ ണെന്നുവച്ചാൽ മറച്ചുവയ്ക്കേണ്ട എന്തോ ഒന്ന് ഉണ്ടെന്ന് അവർക്ക് തോന്നിയതുകൊണ്ടാണ്. ഞാൻ അധികം പറയുന്നില്ല, എന്നാലും പറയാ തിരിക്കാൻ കഴിയില്ല.. ഈ മന്ത്രിസഭയിലെ ചിലരെയെങ്കിലും കേരള ത്തിലെ ഭൂമാഫിയ ഹൈജാക്ക് ചെയ്തിരിക്കുകയാണ് എന്നു പറയുന്ന തിൽ ക്ഷമിക്കണം. അതൊരു സത്യമാണ്. അപ്പുറത്തുള്ള ഒരുപാടു പേരുണ്ട് ശ്രീ. വി.ഡി.സതീശനുണ്ട്, ശ്രീ. ടി. എൻ. പ്രതാപനുണ്ട്, ശ്രീ കെ. എം. ഷാജിയുണ്ട്, ലീഗിലെ ഒരുപാടുപേരുണ്ട്. ഞാൻ പറയുന്നത് അവരും ആലോചിക്കണമെന്നാണ്. കേരളത്തിൽ ഈ നെൽവയൽ

നീർത്തട സംരക്ഷണ നിയമമുണ്ടായത് ഒരു പൊതുവികാരത്തിന്റെ പുറത്താണ്. ഒരു പൊതു ആവശ്യത്തിന്റെ പുറത്താണ്. 1970 കാലഘട്ടത്തിൽ ഉണ്ടായിരുന്ന 9 ലക്ഷം ഹെക്ടർ നെൽവയൽ രണ്ടേകാൽ ലക്ഷം ഹെക്ടറിലേയ്ക്ക് താഴുകയും പിന്നേയും താഴാനുള്ള പ്രവണത രേഖപ്പെടുത്തുകയും കേരളം കുടിവെള്ളമില്ലാത്ത, മഴ പെയ്യാത്ത ഒരു മരുഭൂമിയായി മാറുന്ന കാലത്തേയ്ക്ക് പോകുകയും ചെയ്യുന്ന ഘട്ടം വരുമെന്ന് പൊതുവേ പറഞ്ഞപ്പോഴാണ് എല്ലാവരും കൂടെ ചേർന്ന് ഈ നിയമമുണ്ടാക്കിയത്. 2005 ജനുവരി 1– നു മുമ്പുള്ളതു മുഴുവൻ സാധൂകരിച്ച് കൊടുക്കുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഒരു കുറ്റം കുറ്റമല്ലാതാവുകയും ഈ നിയമം മരിച്ചുപോകുകയും ചെയ്യും. ഇപ്പോൾ കേരളത്തിൽ നൂറുകണക്കിന് കേസുകൾ കോടതിയിലുണ്ട്. ഒന്നുകിൽ ഈ നിയമത്തിന്റെ പുറത്ത് അല്ലെങ്കിൽ യൂട്ടിലൈസേഷൻ ഓർഡറിന്റെ പുറത്ത്. ഇതിൽ രണ്ടിലുമാണ് കോടതി വിധി പറയുന്നത്. ഈ രണ്ടിനേയും ഈ തീരുമാനം ബാധിക്കുകയും കേരളത്തിലെ നെൽവയലുകൾ നികത്താനുള്ള അനുവാദം കൊടുക്കുന്ന ഒരർത്ഥത്തിൽ....... കേരളത്തിലെ മഹാകവി ശ്രീ. ഒ. എൻ.വി. കുറുപ്പ് ഭൂമിക്കൊരു ചരമഗീതം പാടിയിട്ടുണ്ട്. ഇവർ കേരളത്തിലെ വയലുകളുടെ മരണക്കുറിപ്പാണ് ഈ തീരുമാനത്തിലൂടെ കേരളത്തിൽ പ്രഖ്യാപിച്ചത്. അങ്ങനെ പാടില്ല. നമ്മൾ രണ്ട് കൂട്ടരുംകൂടെ നിശ്ചയിച്ച് പാസ്സാക്കിയ ഒരു നിയമം, ആ നിയമം കേരളത്തിൽ നടപ്പാക്കാനൊരുങ്ങുമ്പോൾ ആ നിയമത്തെ ബലപ്പെടുത്തുന്ന തീരുമാനം ........

ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വില്ലേജ് ആഫീസർമാർക്ക് അധികാരം കൊടുക്കുവാനുള്ള നിയമം കൊണ്ടുവന്നു. എല്ലാവരും കൂടെ യോജിച്ചാണ് ആ തീരുമാനമെടുത്തത്. ബലപ്പെടുത്താനുള്ള തീരുമാനത്തിനു പകരം ഈ തീരുമാനമെങ്ങനെ ലീഗലായി ഈ നിയമത്തെ സ്വാധീനിക്കാതിരിക്കും. 2005 നു മുമ്പ് നികത്തിയതെന്ന് ആര് പറയും. 2005 ന് മുമ്പ് നികത്തിയ ഭൂമി കൈമാറ്റം ചെയ്യപ്പെട്ട് അന്നത്തെ കുറ്റവാളിയുടെ കയ്യിലല്ലാതെ എത്തപ്പെട്ടിട്ടുണ്ട്. ഇതെല്ലാം എങ്ങനെ പരിശോധിക്കും. അതിന്റെ അർത്ഥം ഒരു പിടി മണ്ണ് കൊണ്ടിട്ട് 2012 ലും വേണ്ടിവന്നാൽ 2005 നു മുമ്പാണെന്ന് പറയിപ്പിക്കാനുള്ള സ്വാധീനം കേരളത്തിലെ ഭൂമാഫിയയ്ക്കുണ്ട്. കേരളത്തിലെ വയലില്ലാതാകുന്ന, കേരളത്തിലെ മനുഷ്യന്റെ സ്വാഭാവികമായ പ്രകൃതി സംരക്ഷണമില്ലാതാകുന്ന, ജലസംരക്ഷണമില്ലാതാകുന്ന ഒരു തീരുമാനമാണെടുത്തിട്ടുള്ളത്. അതിന്റെ ഏറ്റവും വലിയ പ്രത്യേകത കേരളത്തിലെ മുഖ്യമന്ത്രി എപ്പോഴും പറയുന്നത് കേരളത്തിലെ പൊതു പ്രവർത്തകന് വേണ്ടത് വിനയമാണ്, പൊതുപ്രവർത്തകന്റെ നടത്തിപ്പിൽ അധികം വേണ്ടത് സത്യസന്ധതയാണ്, അതിന്റെ സുതാര്യതയാണ്. അദ്ദേഹം കഴിഞ്ഞ ദിവസം ശ്രീ. വി. എസ് സുനിൽ കുമാർ അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് സംസാരിച്ചു. അദ്ദേഹം ഒരു വാചകം പറഞ്ഞപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. ‘കേരളത്തിൽ ഇനി നെൽവയൽ വാങ്ങിക്കുന്നത് നെൽകൃഷി

ചെയ്യുന്നവർ മാത്രമേ വാങ്ങിക്കാവൂ. നെൽകൃഷി ചെയ്യുന്നവർക്ക് മാത്രമേ വിൽക്കാവൂ. അതിനുവേണ്ടി ഈ ഗവൺമെന്റ് ആലോചിക്കുക യാണ്. ആലോചിക്കുകയാണെങ്കിലും ഞാനിപ്പോൾ നിങ്ങളോട് പറയുക യാണ്' സത്യത്തിൽ എനിക്ക് വലിയ സന്തോഷം തോന്നി. പക്ഷെ 2012 ഫെബ്രുവരി മാസം 8-ാം തീയതി മന്ത്രിസഭാ തീരുമാനം അദ്ദേഹം ബ്രീഫ് ചെയ്തിട്ടുണ്ട്. അന്ന് അത് പറഞ്ഞില്ല. ഒരു പത്രത്തിലും വന്നില്ല. അന്ന് മറന്നുപോയതുകൊണ്ട് പറഞ്ഞില്ലായെന്നുവയ്ക്കാം. കഴിഞ്ഞ ദിവസം ചർച്ച ചെയ്യുമ്പോൾ അദ്ദേഹം ഇത്ര സുപ്രധാനമായ ഒരു തീരു മാനം ഓർക്കേണ്ടതല്ലേ. ശ്രീ. അടൂർ പ്രകാശ് മന:പൂർവ്വം മറന്നുപോയതാ ണെന്നുവയ്ക്കാം. പക്ഷെ മുഖ്യമന്ത്രി മറക്കാമോ?. കേരളത്തിലെ മുഖ്യ മന്ത്രി കേരളത്തിലെ പൊതുസമൂഹത്തിന്റെ ജനാധിപത്യപരമായ അവകാ ശങ്ങളെല്ലാം സംരക്ഷിക്കാനും ഈ നിയമസഭയോടും പൊതുസമൂഹ ത്തോടും പറയേണ്ടത് പറയാനും ബാധ്യതയുള്ള മുഖ്യമന്ത്രി അന്ന് ശ്രീ. സുനിൽ കുമാറിന്റെ അടിയന്തരപ്രമേയത്തിന് ഡാറ്റാ ബാങ്കുമായി ബന്ധ പ്പെട്ട് മറുപടി പറയുമ്പോൾ ഈ സഭയോടെങ്കിലും ഇത് പറയണ്ടതായിരു ന്നു. എന്തിനാണ് ഈ സഭയിൽ നിന്ന് അത് ഒളിച്ചുവച്ചത്. എന്തിനാണ് പൊതുസമൂഹത്തിൽ നിന്ന് ഒളിച്ചുവച്ചത്. കേരളത്തിലെ പൊതുസമൂഹ ത്തിന്റെ മുമ്പിലെ ഒരു വലിയ പ്രശ്നമാണിത്. ആ വലിയ പ്രശ്നത്തിൽ ഈ കേരളത്തിലെ പൊതുസമൂഹത്തിന്റെ മൊത്തം ആവശ്യത്തിന്റെ പുറത്ത് ഈ സഭ ഐകകണ്ഠ്യേന തർക്കമില്ലാതെ അംഗീകരിക്കുകയും

തർക്കമില്ലാതെ അമെന്റ്മെന്റ് വരുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്ത, ഇനിയും ശക്തിപ്പെടുത്തണമെങ്കിൽ ആ നിയമം ശക്തിപ്പെടുത്ത ണം. ഒരു നിയമത്തിന്റെ പുറത്ത് ഇവിടെ നടന്ന ചർച്ചയിൽ അദ്ദേഹം ഈ കാര്യം മറച്ചുവച്ചു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമല്ലേ. ഈ കാര്യത്തിന്റെ ലീഗൽ സൈഡ് എന്താണ്. ഡാറ്റാ ബാങ്ക് തീരുമാനിക്കാതെ നിങ്ങൾക്ക് 2005 ലെന്നോ 2004 ലെന്നോ 2008 ലെന്നോ പറയാൻ സാധി ക്കില്ല. അതിന്റെ ടെക്നിക്കൽ ഓഫീസർമാരാണ് പറയേണ്ടത്. ഒരു മരം വളർന്നു നിൽക്കുന്നത് എത്ര കാലത്താണെന്ന്, അല്ലെങ്കിൽ തരം മാറ്റിയത് എത്രകാലത്താണെന്ന് അവർ വേണം പറയാൻ. ഡാറ്റാ ബാങ്ക് തയ്യാറാ ക്കതെ ഇത് പറഞ്ഞാൽ അർത്ഥം ഈ നിയമം പട്ടുപോയി എന്നാണ്. ഈ നിയമം മരിച്ചുപോയി എന്നാണ്. ഈ നിയമത്തെ കൊല്ലാൻ വേണ്ടി ആരൊക്കെയോ തന്ന കത്തി ബാല്യത്തിൽ നിൽക്കുന്ന ഈ ശിശുവിന്റെ നെഞ്ചത്ത് കുത്തി കൊന്നതിന്റെ ഉത്തരവാദിത്വമാണ് ഈ മന്ത്രിസഭാ തീരുമാനത്തിലുള്ളത്. സാറിനും കൂടി ബാധിക്കുന്ന പ്രശ്നമാണിത്.

മി. സ്പീക്കർ: അത് ശരിയാണ്. അതുകൊണ്ട് ചട്ടം മാറില്ലല്ലോ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കൺഫ്യൂഷ്യസ് എന്നു പറയുന്ന ചിന്തകൻ പറഞ്ഞിട്ടുണ്ട്, ലോകത്തിന്റെ മൊത്തം ജീവന്റെ നിലനിൽപ് ഫലഭൂയിഷ്ടമായ നാലിഞ്ചു ഭൂമിയിൽ അതിന്റെ താഴെയുള്ള ജലവും അതിന്റെ മുകളിലുള്ള അന്തരീക്ഷവുമാണെന്ന്. ഇത് മൂന്നും കേരള ത്തിൽ നശിക്കുകയാണ്. അതൊരു ഗവൺമെന്റ്.... പൊതു സമൂഹ

ത്തിന്റെ, നമ്മുടെ മാത്രമല്ല ഇന്നലത്തെ തലമുറ നമുക്ക് കൈമാറിയത്, നാളത്തെ തലമുറയ്ക്ക് കൈമാറേണ്ടത്. ഈ ഭൂമിയെയും വയലിനേയും ഇങ്ങനെ നശിപ്പിക്കരുത്. ഇന്ന് ജൂലൈ 12 ആയിട്ടും മഴയില്ല. വയനാട് വയൽ നാടാണ്. നമ്മുടെ ഓരോ ചെറുവയലിലും ഒരു ഹെക്ടർ വയലി നടിയിൽ സാധാരണ 1815 ഘടനയടി ജലം നമുക്കുവേണ്ടി ജീവസമൂഹ ത്തിനുവേണ്ടി സുരക്ഷിതമായി ശുദ്ധജലമാക്കി സൂക്ഷിക്കുമെന്നാണ്. ഇതെല്ലാം നശിപ്പിച്ചുകഴിഞ്ഞാൽ, ഞാൻ ടൂറിസം മന്ത്രിയോടുകൂടി പറയു കയാണ്. മലയും പോയി, വയലും പോയി, വെള്ളവും പോയി, ചാലും കുളവും സർവ്വതും പോയാൽ ഒരു ടൂറിസ്റ്റും ഇവിടെ വരികയില്ല. ഇവിടെ നിന്നും ജീവിക്കാൻ വേറെ ഇടം തേടേണ്ടിവരും. അവസാനത്തെ നില നിൽപ്പിന് ഈ ഭൂമിയെ നിലനിറുത്താൻ, ഈ നന്മ നിലനിറുത്താൻ, ഈ പരിസ്ഥിതി നിലനിറുത്താൻ, നമ്മുടെ ഭക്ഷ്യ സുരക്ഷ എള്ളോളമെങ്കിലും നിലനിറുത്താൻ നമുക്കുള്ള ബാധ്യതയായ ഈ ഭൂമിയെ അതിൽ പ്രത്യേ കിച്ച് വിശിഷ്യാ വയലിനെ സംരക്ഷിക്കാനുള്ള, നീർത്തടങ്ങളെ സംരക്ഷി ക്കാനുള്ള ഈ നിയമത്തെ കൊല്ലുന്ന തീരുമാനം എടുത്ത തെറ്റും അത് മറച്ചുവച്ച തെറ്റും രണ്ടു കുറ്റമാണ്. അതിൽ പ്രേരണാ കുറ്റത്തിൽപ്പെടാതി രിക്കണമെങ്കിൽ നിങ്ങളെങ്കിലും, ഭരണകക്ഷി അംഗങ്ങളും അതിനെ എതിർക്കണം. എതിർത്തുകൊണ്ട് ഈ വലിയ പ്രശ്നം ഈ സഭയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാന്യനായ മുല്ലക്കര രത്നാകരൻ മുൻ കൃഷി വകുപ്പുമന്ത്രികൂടിയാണ്. അദ്ദേഹം സ്വാഭാവികമായും ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം നന്നായി സഭയിൽ പറയുന്നയാളുമാണ്. അതാണ് നമ്മൾ ഇവിടെ കേട്ടത്. ഈ ഗവൺമെന്റ് യാതൊന്നുംതന്നെ മറച്ചുവച്ച് മുമ്പോട്ടുപോകുന്ന പ്രശ്നമില്ല. അങ്ങ് ധരിക്കുന്നതുപോലെ, ഇത് മറച്ചുവച്ചുകൊണ്ട് ആരെയെങ്കിലും സഹായിക്കാൻ വേണ്ടിയെടുത്ത നിലപാടാണെന്ന് അങ്ങ് അറിഞ്ഞോ അറിയാതെയോ തെറ്റിദ്ധരിച്ചിരിക്കുകയാണ്. നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ഇതിന്റെ നിയമം സഭയിൽ വന്നു. അതുകൂടാതെ അങ്ങുകൂടി മന്ത്രിസഭയിൽ അംഗമായിരിക്കുന്ന സമയത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് 2009–2010-ലെ ബഡ്ജറ്റ് പ്രസംഗം 2009 ഫെബ്രുവരി മാസം 20-ാം തീയതി ഈ സഭയിൽ അവതരിപ്പിച്ചതാണ്. 2009–2010-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 64-ാം പേജിലെ 196-ാമത്തെ പാരഗ്രാഫ് - വയൽ നികത്തൽ പിഴ നെൽവയൽ നികത്തൽ നിയമംമൂലം നിരോധിച്ചിരിക്കുകയാണ്. ശ്രീ. എ.കെ. ബാലൻ, ഞാൻ പറയുന്നത് കേൾക്കണം. ഓർമ്മ ഒന്ന് പുതുക്കാൻ വേണ്ടിയാണ് ഞാൻ ഇത് വായിക്കുന്നത്. എന്നാൽ അനിവാര്യ സാഹചര്യങ്ങളിൽ ഇതിൽ ഇളവ് നൽകുന്നതിന് നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. ഇപ്രകാരം അനുവാദം നൽകുമ്പോൾ ഏറ്റവും ചെറുകിടക്കാർക്കൊഴികെ ബാക്കിയുള്ളവരിൽ നിന്ന്

കനത്ത ഫീസ് ഈടാക്കുന്നതാണ്. അതുപോലെ നിയമം വരുന്നതിന് തൊട്ടുമുമ്പുള്ള വർഷങ്ങളിൽ വലിയ തോതിൽ ഭൂമി പരിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ഇത്തരം നികത്തലുകൾ റഗുലറൈസ് ചെയ്യുന്നതിന് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്. ഇതിന് മുമ്പുള്ള നികത്തലുകൾ റഗുലറൈസ് ചെയ്യുന്നതിനും താരതമ്യേന കുറഞ്ഞനിരക്കിൽ ഫീസ് ഈടാക്കും. ഭൂമി വിലയുടെ നിശ്ചിത ശതമാനമായിട്ടായിരിക്കും ഇവ നിശ്ചയിക്കുക. ഇത് സംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണം നടത്തുന്നതാണ്. ഇതിൽ നിന്നും 25 കോടി രൂപ അധികവരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഞാൻ അടുത്തതുകൂടി വായിക്കാം. മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2010-2011-ലെ ബഡ്ജറ്റ് പ്രസംഗം, 2010 മാർച്ച് മാസം 5-ാം തീയതി നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലെ 94-ാമത്തെ പേജിലെ 245-ാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് 2008-ന് മുമ്പ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങളെ റവന്യൂ രേഖകളിൽ റഗുലറൈസ് ചെയ്യുന്നതിന് ഫീസ് ചുമത്തുമെന്ന് നിർദ്ദേശിച്ചിരുന്നു. 2008-ന് മുമ്പ് എന്നതുകൂടി ശ്രദ്ധിക്കണം. ഇത് സംബന്ധിച്ചുള്ള തീരുമാനം അവസാനഘട്ടത്തിലാണ്. പുതുതായി നിശ്ചയിച്ചിട്ടുള്ള ന്യായവിലയുടെ നിശ്ചിത ശതമാനമാണ് ഫീസായി ചുമത്തുക. പുരയിടമാക്കി മാറ്റിയതിന്റെ ഫലമായി വലിയ സാമ്പത്തിക നേട്ടം ഇവയുടെ ഉടമസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. ഇതിലൊരുഭാഗം പൊതുനന്മയ്ക്കുവേണ്ടി സമാഹരിച്ചേ തീരൂ. കാലപ്പഴക്ക

ത്തിന് അനുസൃതമായി നിരക്ക് കുറയുന്നതാണ്. ഞങ്ങൾ എന്തോ കൊടുംപാതകം ചെയ്തിട്ടുണ്ട് എന്ന രീതിയിലാണ് ബഹുമാനപ്പെട്ട മുല്ല ക്കര രത്നാകരൻ ഇവിടെ പറഞ്ഞത്. താങ്കൾ കൂടി അംഗമായിരുന്ന അന്നത്തെ മന്ത്രിസഭയിൽ എടുത്ത തീരുമാനങ്ങളാണ് ഇവിടെ നിങ്ങൾ നടപ്പാക്കിയതിന്റെ ഭാഗമെന്നുള്ള നിലയിൽ ബാക്കി ഇന്നിപ്പോൾ ഞങ്ങള തിലേയ്ക്ക് പോയിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ വായിച്ചത് ഞങ്ങൾക്കറിയാവുന്നതാണ്. ഇവിടെ ഈ ബഡ്ജറ്റ് പ്രസംഗിച്ചതാണല്ലോ. അതിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരുമെന്നാണ്. അങ്ങനെ ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് അങ്ങ് എന്തുകൊണ്ട് തയ്യാറായില്ല? ചുളുവിൽ ക്യാബിനറ്റിൽ വച്ച് തീരുമാനിക്കാനുള്ള കാരണമെന്താണ്?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചോദിച്ചത് നല്ല ചോദ്യമാണ്. ചോദിച്ചത് ഏതായാലും നന്നായി. കാരണ മെന്താണെന്ന് ചോദിച്ചാൽ, ചുളുവിൽ ഞങ്ങൾ ഏതോ കാര്യം ചെയ്തു വെന്നാണ്. ചുളുവിൽ ഒന്നും ചെയ്തില്ല. 2008 വരെയുള്ളതിനാണ് നിങ്ങ ൾ റഗുലറൈസ് ചെയ്ത് കൊടുക്കാൻ തീരുമാനിച്ചത്. ക്യാബിനറ്റിൽ ഞങ്ങളെടുത്ത തീരുമാനമെന്താണെന്നറിയാമോ? വർഷങ്ങൾക്ക് മുമ്പ് രൂപാന്തരം സംഭവിച്ച നെൽവയലുകളും തണ്ണീർത്തടങ്ങളും ഇപ്പോൾ റവ ന്യൂ രേഖകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി തുടരുന്നുണ്ട്.

ഇത്തരം രൂപാന്തരങ്ങൾക്ക് ഒറ്റത്തവണ മാത്രം ക്രമപ്പെടുത്തുന്നതിനായി 1.1.2005-ന് മുമ്പ് രൂപാന്തരം വരുത്തിയിട്ടുള്ള തണ്ണീർത്തടങ്ങൾക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് അനുമതി നൽകാവുന്നതാണ് എന്നതാണ് ഞങ്ങളെടുത്ത തീരുമാനം. 2008 വരെയുള്ളത് റഗുലറൈസ് ചെയ്ത് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി നിങ്ങൾ പോയ സ്ഥാനത്ത് ഞങ്ങൾ 2005 വരെയുള്ളത് റഗുലറൈസ് ചെയ്യുവാനുള്ള നടപടികളുമായി മുമ്പോട്ടു പോകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അങ്ങ് പറയാനുള്ളത് പറഞ്ഞു തീർക്കാതിരുന്നാൽ ഞാൻ എന്തു ചെയ്യും? ശ്രീ. മുല്ലക്കര രത്നാകരന് പറയാനുള്ളത് പറഞ്ഞില്ലേ. എനിക്കിത് ഡിസ്പോസ് ചെയ്യണം.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ആ ബഡ്ജറ്റ് പ്രസംഗം ഞങ്ങളെല്ലാവരും സഭയിൽ കേട്ടതാണ്. അതിന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള ഒരു ഓർഡറോ ക്യാബിനറ്റ് തീരുമാനമോ ഇല്ല എന്നുമാത്രമല്ല ഗവൺമെന്റ് തീരുമാനിച്ചത് ഡേറ്റാ ബാങ്ക് പൂർത്തിയായതിനുശേഷം, അതിന്റെ അടിസ്ഥാനത്തിൽ മാത്രം....... (മൈക്ക് ഓഫ്)

ശ്രീ. അടൂർ പ്രകാശ്: സർ, കൂട്ടുപ്രതിയായതുകൊണ്ട് അദ്ദേഹത്തിന് ചോദിക്കാതിരിക്കാൻ സാധിക്കില്ല. അദ്ദേഹം ചോദിക്കട്ടെ. ചോദിച്ചതിന് മറുപടി പറയണ്ടേ.

മി. സ്പീക്കർ : അടിയന്തിര പ്രമേയത്തിന് ഇങ്ങനെ പോയിന്റ് ഓഫ് ഓർഡർ ഇല്ല. പ്ലീസ്, പ്ലീസ്...., ശ്രീ. സി. ദിവാകരൻ, ഞാൻ പറയട്ടെ. അടിയന്തര പ്രമേയം അവതരിപ്പിച്ച ശ്രീ. മുല്ലക്കര രത്നാകരൻ അദ്ദേഹത്തിന് പറയാനുള്ളതെല്ലാം വ്യക്തമായി ശുദ്ധമായ മലയാളഭാഷയിൽ പറഞ്ഞപ്പോൾ സഭ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. അടിയന്തര പ്രമേയത്തിന്റെ മറുപടിക്കിടയിൽ പോയിന്റ് ഓഫ് ഓർഡർ ശരിയാവില്ല. അങ്ങ് പറഞ്ഞ് തീർക്കൂ.

ശ്രീ. അടൂർ പ്രകാശ് : സർ, ഈ വിഷയത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ നിലപാടാണുള്ളത്. ആ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ തീരുമാനമെടുത്തിട്ടുള്ളത്. 1.1.2005-ന് മുമ്പുള്ള നിലങ്ങളെ സംബന്ധിച്ചുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടിയുണ്ട്. ഈ നിയമം നിലവിൽ വന്നതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒന്നും ചെയ്തില്ല. അല്ലെങ്കിൽ അവർ ഇതൊക്കെ........., നിയമം നടപ്പാക്കുവാൻവേണ്ടി നടപടി സ്വീകരിച്ചു എന്നൊക്കെയാണ് അദ്ദേഹമിവിടെ സൂചിപ്പിച്ചത്. രേഖകളിൽ വരുമെന്നുള്ളതുകൊണ്ട് ഞാൻ ഒരു കാര്യം കൂടി പറയുന്നു, ഇതിനുശേഷം ഈ ബഡ്ജറ്റ് പ്രസംഗ

വുമായി ബന്ധപ്പെട്ടുകൊണ്ട് അത് നടപ്പാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി......., ഗവൺമെന്റ് ഓർഡറുണ്ട്, അതായത് With the object of preparing an action plan regarding regularization of conversion made before 1.1.2008 a Committee was constituted by the Government vide G.O.(MS) No.142/10/Rev. dtd, 22.4.2010. ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് ചോദിച്ചാൽ, ആ കമ്മിറ്റിയുടെ ചെയർമാൻ - ചീഫ് സെക്രട്ടറി, മറ്റ് കമ്മിറ്റി അംഗങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), ലാ സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്) ആന്റ് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ. അങ്ങ് കൃഷി വകുപ്പ് മന്ത്രിയായിരിക്കുമ്പോൾ അങ്ങയുടെ കൂടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ (APC). അദ്ദേഹവും ഈ കമ്മിറ്റിയിലെ മെമ്പറാണ്. അങ്ങ് അറിയാതെ ആയിരിക്കില്ല ഈ കമ്മിറ്റി വന്നത്, എനിക്കറിയില്ല. ഏതായാലും അങ്ങയുടെ കൂടി അറിവോടെ നിലവിൽവന്ന ഒരു കമ്മിറ്റി. 2010-ൽ ആ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. ആ റിപ്പോർട്ട് മുഴുവനായി വായിക്കണമെങ്കിൽ വായിക്കാം. ആ റിപ്പോർട്ടിൽ ആദ്യം പറഞ്ഞിരിക്കുന്നത് (i) Only paddy lands converted prior to 1.1.2007 and not covered under the Kerala Land Utilization Order, 1967 will fall within the ambit of this scheme. (ii) Lands including converted and reclaimed paddy lands but suitable for

paddy cultivation are excluded from the ambit of this scheme. (iii) All wetlands and traditional paddy growing lands covering the Vembanad and other kole lands, the Ashtamudi, Sasthamcotta Kayal lands including those identified under Ramsar site, Palakkad and other districts will be excluded from this scheme. Conversion in these areas shall not be regularized under this scheme. (iv) Applications for change of land use shall be filed before the local Tahsildar by the Registered owner of the land. The conversion charges shall be calculated based on the Fair value for the land as notified by Government. If fair value is not available for any plot, the land value will be determined by the R.D.O., as per Rules. (v) The application for regularization shall be filed in the prescribed Form before the Tahsildar with the proof of ownership. The Village Officer and the Agriculture Officer will jointly physically verify each case to determine the nature of the land including its suitability for paddy cultivation and will also verify the revenue records and other records and submit a report in respect of such land to the Tahsildar. Based on such report and other relevant facts, the Tahsildar will determine whether the case falls within the ambit of the Scheme and fix the amount of conversion charges payable. The Tahsildar will also personally conduct

physical verification of such lands on a random basis. When the regularization charges are paid in the designated head of account and the Chelan produced before the Tahsildar, the later will issue an order to permitting the change in land use tenure in revenue records and the changes will accordingly be carried out. ഈ കമ്മിറ്റി കണ്ടെത്തിയിരിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഫീസ് ഈടാക്കണമെന്നതിനെക്കുറിച്ച് നിർദ്ദേശം വന്നിട്ടുണ്ട്. The charges for regularization will be as follows; plots up to 5 cents 0.5 percent of the fare value, plots above 5 cents 2 percent of the fare value, plots with building up to three storeys 3 percent of the fare value, plots with building above 3 storeys 5 percent of the fare value, plots with plantation 2.5 percent of the fare value, plots with institution 3 percent of the fare value, plots with industrial unit 5 percent of the fare value, plots under commercial use 7.5 percent of the fare value. ഈ കാര്യങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് .....(ബഹളം).............

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് പോയിന്റ് ഓഫ് ഓർഡറില്ല. ഇത് അടിയന്തര പ്രമേയമാണ്. .........നോ.......... ആ വിഷയമല്ല, അത് തീരട്ടെ. അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഇത് കഴിഞ്ഞ് അടുത്ത വിഷയം എടുക്കുന്നതിനുമുമ്പ് സമയം തരാം. ഇതുമായി ബന്ധ

പ്പെട്ട് പോയിന്റ് ഓഫ് ഓർഡറില്ല. അങ്ങനെയൊരു കീഴ്‌വഴക്കം സഭയ്ക്കില്ല. അങ്ങേയ്ക്ക് പറയാനുള്ള സമയം പിന്നെ തന്നാൽ പോരേ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ റിക്കോർഡിലും ഫയലിലുമുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഇത്രയും കാര്യങ്ങളൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ചെയ്തതാണ്. ഇത് ഞങ്ങൾ ചെയ്ത കാര്യങ്ങളല്ല. ക്യാബിനറ്റ് കൂടി ചർച്ചചെയ്തെടുത്ത തീരുമാനങ്ങളിൽ ഞങ്ങൾക്കൊന്നും മറച്ചുവയ്ക്കാനില്ല. ആ കാര്യങ്ങൾ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇന്ന് ജനങ്ങളുടെ മുമ്പിൽ കാര്യങ്ങൾ മറച്ചുവയ്ക്കാനില്ലാത്തതുകൊണ്ടാണ് ഇക്കാര്യങ്ങളൊക്കെ തുറന്നുപറയാനുള്ള സമീപനം എടുക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ, സഭയിൽ ഒരു സംഭവമുണ്ടായിക്കഴിഞ്ഞാൽ ചെയറിന് അത് ഡിസ്പോസ് ചെയ്യണം. അതിനുശേഷം അടുത്തവിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് അങ്ങേയ്ക്ക് എഴുതിത്തരാം, എഴുതിത്തന്നാൽ ഉന്നയിക്കാൻ സമയം തരാം. ശ്രീ മാത്യൂ റ്റി. തോമസ്, പുതിയ കീഴ്‌വഴക്കമൊന്നും ഉണ്ടാക്കാൻ പറ്റില്ല. പോയിന്റ് ഓഫ് ഓർഡർ അടിയന്തരപ്രമേയ ചർച്ചയ്ക്കില്ല. ഒരു അടിയന്തരപ്രമേയ വിഷയം തന്നാൽ നോട്ടീസ് നൽകിയ വ്യക്തി അത് അവതരിപ്പിച്ചുകഴിഞ്ഞു. ഇവിടെ അതിന് മറുപടി പറയുകയാണ്. ചിലപ്പോ

ഴൊക്കെ ചില അയവ് തരും. പ്ലീസ്............. (ബഹളം)........... അത് എന്റെ വിഷയമല്ല. അങ്ങനെ എന്തു പറഞ്ഞാലും കേൾക്കേണ്ടതില്ല. അതിൽ നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അത് ചട്ടപ്രകാരം സ്പീക്കർക്ക് എഴുതിതരാം. അതല്ലാതെ ഒരു വിഷയം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഇത് സാധ്യമല്ല. അങ്ങ് എന്തുപറഞ്ഞാലും കേൾക്കേണ്ട., ഇവിടെ പറഞ്ഞതിനകത്ത് എന്തെങ്കിലും ആക്ഷേപപരമായി ഉണ്ടെങ്കിൽ അത് സഭയിൽ പറയുന്നതിന് ചെയർ സമയം തരും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ വിശദമായ മറുപടി ശ്രീ. അടൂർ പ്രകാശ് ഇവിടെ നൽകിക്കഴിഞ്ഞു. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു ചോദ്യം ചോദിച്ചു. ഈ നിയമത്തിന് ഭേദഗതി കൊണ്ടുവരണ്ടേ എന്നാണ്. ഞങ്ങൾ രണ്ട് തീരുമാനങ്ങളാണെടുത്തത്. തീരുമാനമെടുക്കാൻ ഇടയായ സാഹചര്യം ശ്രീ. അടൂർ പ്രകാശ് ഇവിടെ പറഞ്ഞു. 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി കഴിഞ്ഞതിനുശേഷം, ഓരോ ദിവസത്തെയും ക്യാബിനറ്റിൽ രണ്ടും മൂന്നും ഡിപ്പാർട്ട്മെന്റുകളിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്തു തീരുമാനമെടുത്തിരുന്നു. ഈ പ്രത്യേക ദിവസം റവന്യൂ, സഹകരണം എന്നിവയാണെടുത്തത്. ലക്ഷക്കണക്കിന് ജനങ്ങളിൽ നിന്നുകിട്ടിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അവിടെ തീർക്കാവുന്ന കാര്യങ്ങൾ അവിടെ തീർക്കുകയും ഉദ്യോഗസ്ഥന്മാർക്ക് ചെയ്യാവുന്നത് ഉദ്യോഗസ്ഥർ ചെയ്യുകയും ചെയ്യുന്നു. ഗവൺമെന്റ് തലത്തിൽ ചർച്ചചെയ്യേണ്ടത് ഞങ്ങൾ

ചർച്ച ചെയ്യുന്നു. നിയമത്തിൽ ഭേദഗതി വേണ്ടേയെന്ന് അദ്ദേഹം ചോദിച്ചു. ബഹുമനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, നെൽപ്പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ് എന്നതാണ് ഞങ്ങളെടുത്ത ഒന്നാമത്തെ തീരുമാനം. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ വന്നു, ചർച്ച ചെയ്യേണ്ട ഫോറങ്ങളിൽ ചർച്ചചെയ്തു, അത് ബില്ലാക്കി ഈ സഭയിൽത്തന്നെ വരും. അല്ലാതെ മറ്റൊന്നുമല്ല. രണ്ടാമത്തെ തീരുമാനമാണ് ശ്രീ. മുല്ലക്കര രത്നാകരൻ വിവാദമാക്കി അടിയന്തരപ്രമേയത്തിന് ആധാരമാക്കിയത്. അദ്ദേഹം ചോദിച്ചു, ഇത് എന്തിന് രഹസ്യമാക്കിവച്ചു; എന്തുകൊണ്ട് ഇത് പരസ്യപ്പെടുത്തിയില്ല, നിങ്ങൾക്ക് എന്തോ ഇതിൽ നിന്ന് മറച്ചുവയ്ക്കാനുണ്ട് എന്ന്. പ്രിയപ്പെട്ട ശ്രീ. മുല്ലക്കര രത്നകരൻ, ഞങ്ങൾ തീരുമാനമെടുത്ത് അടുത്ത ദിവസം നടപ്പിലാക്കാനായിരുന്നുവെങ്കിൽ അന്നുതന്നെ ഞങ്ങൾ പ്രസിദ്ധീകരിക്കുമായിരുന്നു. ഞങ്ങൾ പിറ്റേദിവസം നടപ്പിലാക്കാനല്ല തീരുമാനച്ചത്, ഇതുസംബന്ധിച്ചുള്ള ചില ഗൈഡ്ലൈൻസ് ഉണ്ടാക്കാൻ ഡിപ്പാർട്ട്മെന്റുകളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഞങ്ങൾ ഇത് അനൗൺസ് ചെയ്താൽ ജില്ലകളിലൊക്കെ ആളുകൾ വന്ന് പ്രകടിപ്പിക്കുന്ന വികാരപ്രകടനം എനിക്കറിയാം. എട്ടുംപത്തും കൊല്ലം പ്രായമായ തെങ്ങും പത്തിരുപത് കൊല്ലംമുമ്പ് പണിത വീടുമൊക്കെ ഇപ്പോഴും

റവന്യൂ രേഖകളിൽ നെൽവയലുകളാണ്. അവിടെ കറന്റ് കണക്ഷൻ കിട്ടുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. തീരുമാനമെടുത്തുവെന്ന് പത്രത്തിൽ അനൗൺസ് ചെയ്താൽ പിറ്റേദിവസം മുതൽ ഓഫീസിൽ നിവേദനങ്ങളുടെ പ്രളയമായിരിക്കും. അതുകൊണ്ട് ഞങ്ങൾ തീരുമാനമെടുത്ത് ഡിപ്പാർട്ട്മെന്റിലേയ്ക്ക് അയച്ചിരിക്കുകയാണ്. ആർക്കെങ്കിലും ഒരാൾക്ക് ഇതനുസരിച്ച് ഞങ്ങൾ എക്സംപ്ഷൻ കൊടുത്തിരുന്നുവെങ്കിൽ, അങ്ങ് പറഞ്ഞതുപോലെ ഇത് രഹസ്യമായിവച്ച്, സുതാര്യമാക്കാതെ, മറ്റെന്തോ ഗൂഢോദ്ദേശ്യം വച്ച് ചെയ്തുവെന്ന് പറയാം. ഞങ്ങൾ ഇതിന്റെ നടപടി കമങ്ങൾ പൂർത്തിയാക്കി പരസ്യപ്പെടുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, അങ്ങനെയാണെങ്കിൽ നിയമം നിലനിൽക്കാൻ ഏറ്റവും നല്ലത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്തുതന്നെ കോട്ടയം ജില്ലയിലെ ഡേറ്റാബാങ്ക് ജില്ലാടിസ്ഥാനത്തിൽ തന്നെ പ്രഖ്യാപിച്ചു. അത് വേഗത്തിൽ പൂർത്തിയാക്കി പരാതി സ്വീകരിക്കുന്നതല്ലായിരുന്നോ ഏറ്റവും നല്ലത്.

<u>ശ്രീ. ഉമ്മൻചാണ്ടി</u> : സർ, ഞാൻ അതിലേയ്ക്ക് വരാം. അതിനുമുമ്പ് അങ്ങ് അവതരിപ്പിച്ച പ്രമേയത്തിന്റെ കാര്യങ്ങൾ പറയണം. അതുകഴിഞ്ഞുള്ള കാര്യങ്ങൾ ഞാൻ പറയുന്നുണ്ട്. ഞങ്ങൾ ഈ ഒരു കാരണം കൊണ്ടാണ് അന്ന് പറയാതിരുന്നത്. ഇതിന്റെ പേരിൽ ഒരാൾക്കുപോലും കൊടുത്തിട്ടില്ല. ഒരാൾക്ക് കൊടുത്തിട്ടുണ്ടെങ്കിൽ പറഞ്ഞോളൂ. അതിന്റെ

ഉത്തരവാദിത്വം ഞങ്ങൾക്കാണ്. അതുസംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടില്ല. ഇത് പരിശോധനയിലാണ്, പരിശോധിച്ച് അതിന്റെ വ്യവസ്ഥകൾ വച്ച് 1.1.2005 -നുമുമ്പുള്ളത് എങ്ങനെ തീരുമാനിക്കും, അതിനുള്ള നടപടി ക്രമങ്ങൾ എന്താണ്, അതിന് ചുമത്തേണ്ട ഫീസ് എത്രയാണ് എന്നൊക്കെ തീരുമാനിക്കണം. അതല്ലാതെ രഹസ്യ അജണ്ടയൊന്നും ഉണ്ടായിട്ടല്ല എന്നുള്ളത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നിങ്ങളുടെ കാലത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഡോ. തോമസ് ഐസക് പറഞ്ഞ ചില കാര്യങ്ങളുണ്ട്. നമ്മളെല്ലാവരുംകൂടി ഒന്നിച്ച് 2008-ലെ നിയമം പാസ്സാക്കിയതാണ്. ഞങ്ങൾ എടുത്ത തീരുമാനം 1.1.2005 -ന് മുമ്പുള്ളത് റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ചാണ്. അതിനുശേഷമുള്ള നയം, ഈ ഗവൺമെന്റിന്റെ നയം കഴിഞ്ഞദിവസം ഞാൻ പറഞ്ഞതാണ്. സ്വന്തമായി കിടപ്പാടമില്ലാത്തവർക്ക് വീട് വയ്ക്കാൻ അതല്ലെങ്കിൽ പൊതു ആവശ്യത്തിന് എന്നുള്ളതാണ്. ഇവിടെ ഡോ. തോമസ് ഐസക് പറഞ്ഞത് മൂന്നുകാര്യങ്ങളാണ്. 'ഇപ്രകാരം അനുവാദം നൽകുമ്പോൾ ഏറ്റവും ചെറുകിടക്കാർക്ക് ഒഴികെ ബാക്കിയുള്ളവരിൽ നിന്ന് കനത്ത ഫീസ് ഈടാക്കുന്നതാണ്' എന്നാണ്. ഇനി കൊടുക്കുന്നതിന്റെ കാര്യമാണ്; അനിവാര്യ സാഹചര്യങ്ങളിൽ ഈ നിയമത്തിൽ ഇളവ് നൽകുന്നതിന് നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ടെന്ന് പറഞ്ഞിട്ട്, ഇപ്രകാരം അനുവാദം നൽകുമ്പോൾ 'ഏറ്റവും ചെറുകിടക്കാർക്ക് ഒഴികെ ബാക്കിയുള്ളവരിൽ നിന്ന് കനത്ത ഫീസ് ഈടാക്കുന്നതാണ്' എന്നാണ്. ഭാവിയിൽ

ഇളവ് കൊടുക്കുന്നതിനെക്കുറിച്ചാണ്. അടുത്ത സെന്റൻസ്, 'നിയമം വരുന്നതിന് തൊട്ടുമുമ്പുള്ള വർഷങ്ങളിൽ വലിയതോതിൽ ഭൂമി പരിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ഇത്തരം നികത്തലുകൾ റെഗുലറൈസ് ചെയ്യുന്നതിന് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്' ഇത് 2008-ന് തൊട്ടുമുമ്പ് നികത്തിയവർക്കാണ്. മൂന്നാമത്തെ സ്റ്റേജ് ഇതിനുമുമ്പുള്ള നികത്തലുകൾ, അതായത് തൊട്ടുമുമ്പുള്ള നികത്തലുകൾ റെഗുലറൈസ് ചെയ്യുന്നതിന് താരതമ്യേന കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കും എന്നതാണ്. മൂന്നു കാര്യങ്ങളാണ് ഡോ.തോമസ് ഐസക് അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. അങ്ങുകൂടി മന്ത്രിസഭയിൽ ഇരുന്നുകൊണ്ട്, അന്ന് അങ്ങ് കൃഷി വകുപ്പു മന്ത്രിയാണ്, എന്തുകൊണ്ട് ഈ പാരഗ്രാഫിനെ എതിർത്തില്ല; എന്തുകൊണ്ട് ഇത് മാറ്റണമെന്ന് പറഞ്ഞില്ല?

ഈ നിയമം പാസ്സാക്കിയതിനുശേഷം അതിന് കുറവ് വരുത്തുന്നതിനുള്ള നടപടികൾ, തൊട്ടുമുമ്പും അതിന് മുമ്പ് നികത്തുന്നതിനുവേണ്ടിയുമാണ്. അങ്ങ് കൂടി ക്യാബിനറ്റിൽ മെമ്പറായിരുന്നുകൊണ്ട് കൈപൊക്കി പാസ്സാക്കിയശേഷം ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റാണ്. ഞങ്ങൾ 2005 -ന് മുമ്പുള്ളതും 14 ജില്ലകളിലെ വളരെയേറെ സാധാരണക്കാരുടെ, പാവപ്പെട്ടവരുടെ കണ്ണുനീർ കണ്ടതിനുശേഷമാണ് പരിഹാരമുണ്ടാക്കാൻവേണ്ടി എടുത്ത തീരുമാനത്തെയാണ് നിങ്ങൾ ചോദ്യം ചെയ്യുന്നത. അത് ഏറ്റവും നിർഭാഗ്യകരമാണ്. ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. പക്ഷേ ഞങ്ങളെ കുറ്റപ്പെടുത്താൻ ശ്രമിക്കുമ്പോൾ കഴിഞ്ഞ കാല

ങ്ങളിൽ ചെയ്തത് നിങ്ങൾ മറക്കരുത്. ആറന്മുള എയർപോർട്ടിനുവേണ്ടി ഇറക്കിയ നോട്ടിഫിക്കേഷൻ എന്റെ കൈയിലുണ്ട്. ബഹുമാനപ്പെട്ട മുല്ല ക്കര രത്നാകരൻ കൃഷിമന്ത്രിയായിരിക്കുന്ന സമയത്താണ്. 2500 ഏക്കർ ഭൂമി പൊതു ആവശ്യത്തിന് കൊടുക്കുന്നതിന് ഞങ്ങൾ എതിരല്ല. സമൂഹ ത്തിന് മൊത്തം പ്രയോജനം ചെയ്യുന്ന കാര്യത്തിൽ, ആലോചനയുടെ അടിസ്ഥാനത്തിൽ, നിയമവ്യവസ്ഥകൾക്ക് വിധേയമായി കൊടുക്കുന്ന തിന് ഞങ്ങൾ എതിരല്ല. പക്ഷേ ഞങ്ങളെ കുറ്റപ്പെടുത്തുമ്പോൾ, 2500 ഏക്കർ നോട്ടിഫൈ ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷനാണ് വന്നിരി ക്കുന്നത്. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ അടുത്ത കാലത്ത് അവിടെ പോയി പ്രസംഗിച്ചുവെന്നു കേട്ടു. അങ്ങ് കൃഷി മന്ത്രിയായിരുന്ന സമയത്ത് നികത്തിയ ഭൂമിയുടെ കാര്യത്തിനാണ് അങ്ങ് പോയി പ്രസംഗി ച്ചത്. ഞാനൊന്ന് പറയാം, ഈ ഗവൺമെന്റ് വന്നിട്ട് ആറന്മുള എയർ പോർട്ടിൽ ഒരിഞ്ചു ഭൂമിപോലും നികത്താൻ ഞങ്ങൾ സമ്മതം കൊടുത്തി ട്ടില്ല. പക്ഷേ എന്നിട്ടും അങ്ങവിടെ പോയി പ്രസംഗിച്ചു. അങ്ങേയ്ക്ക് അത് ചെയ്യാം. പക്ഷേ എനിക്ക് അത് ചെയ്യാൻ പറ്റുകയില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി യുടെ കാലത്ത് ഞാൻകൂടി ഉൾപ്പെട്ട മന്ത്രിസഭ എയർപോർട്ടിനുവേണ്ടി ഏതെങ്കിലും തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആ തീരുമാനം ഈ ഗവൺമെന്റ് ശരിയായി റദ്ദ് ചെയ്ത് അവിടെ കൃഷിയെ സംരക്ഷിക്കാ നുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഉമ്മൻചാണ്ടി : ഞങ്ങൾക്ക് തെറ്റെന്ന് തോന്നുന്ന കാര്യം അത് തെറ്റാണെന്ന് പരസ്യമായി വിളിച്ചുപറയും. അത് തിരുത്തിയിരിക്കും. 2500 ഏക്കർ ഭൂമിയിൽ 2000 ഏക്കർ ഡീനോട്ടിഫിക്കേഷൻ ചെയ്യാനായിട്ട് വ്യവ സായ മന്ത്രി ഒപ്പിട്ടു കഴിഞ്ഞു. നിങ്ങൾ ചെയ്ത നല്ല കാര്യത്തെ ഒരിക്കലും തിരുത്തില്ല. പക്ഷേ തെറ്റായ കാര്യം, ആ എയർപോർട്ടിന് 500 ഏക്കർ സ്ഥലം മതി. ഞങ്ങൾ 2000 ഏക്കർ സ്ഥലം ഡീനോട്ടിഫിക്കേഷൻ ചെയ്യാൻ തീരുമാനമെടുത്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരു കാര്യം ചോദിക്കുകയാണ്. അങ്ങ് എപ്പോഴും ഭൂമാഫിയ്ക്ക് എതിരാ യി പറയും. ഞാൻ അങ്ങ് ചെയ്ത നടപടി തെറ്റാണെന്ന് പറയുന്നില്ല. പക്ഷേ അങ്ങ് ചെയ്തത് എന്താണെന്ന് ഓർമ്മിക്കണം. അങ്ങ് വാക്കൗട്ട് പ്രസംഗത്തിനുവേണ്ടി കാത്തിരിക്കുകയാണ്.

മി. സ്പീക്കർ : അവർ വാക്കൗട്ട് ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. ഉമ്മൻചാണ്ടി : സർ, ശ്രീ. കെ.സി. രാജഗോപാലൻ, മുൻ എം. എൽ.എ. ഒരു കത്ത് അന്നത്തെ മുഖ്യമന്ത്രിക്ക്, ഇന്നത്തെ പ്രതിപക്ഷ നേതാവിന് കൊടുത്തു. അത് ഇംഗ്ലീഷിലാണ്. ഞാനിത് മേശപ്പുറത്ത് വയ്ക്കാം. ഒരു സെന്റൻസേ വായിക്കുന്നുള്ളൂ..............യൗ േ ഠല മൃല ീഹറ വേമേ ശെിരല വേല ീിഹ്യ ീള വേല ഹമിറ വമെ റല്ലഹീുലറ വേല ഹമിറ ശി`ശീഹമശേീ ീള രല്യൃമേശി ൃൗഹലെ, എന്താണ് സെർട്ടൻ റൂൾസ് എന്ന് ശ്രീ. മുല്ലക്കര രത്നാകരന് അറിയാം. ആറന്മുള എയർപോർട്ടിന്റെ കാര്യമാണ്. ..............ീഹറ വേമേ ശെിരല വേല ീിഹ്യ

ീള വേല ഹമിറ വമഹ റല്ലഹീുലറ വേല ഹമിറ ശി ്ശീഹമശേീ ീള രല്യൃമേശി ൃൗഹലെ മിറ ശേ രമിീേ യല ൃേമിമെരലേറ ൗിഹലൈ മ റശ്യൃലരശേീി ശ െശൈൈലറ യ്യ വേല ഏീ്ല്യൃിാലിേ. ശ്രീ. കെ.സി.രാജഗോപാലൻ അങ്ങേയ്ക്ക് തന്ന കത്താണ്. കത്തിന്റെ പൂർണ്ണ രൂപമുണ്ട്. ആ കത്തിൽ അങ്ങ് ഇങ്ങനെ എഴുതി, ജില്ലാ കളക്ടർ പത്തനംതിട്ട, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തെക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക എന്നാണ്. ഇതിന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കാം. ആറന്മുള എയർപോർട്ട് അവിടത്തെ ജനങ്ങൾ ആഗ്രഹിക്കുന്നു എന്നാണ് ഈ ഗവൺമെന്റും കരുതുന്നത്. അതിനെയാണ് നിങ്ങൾ എതിർത്തത്, അതിനെയാണ് ശ്രീ. മുല്ലക്കര രത്നാകരൻ എതിർത്തത്. എന്നിട്ടാണ് അവിടെ പോയി പ്രസംഗിച്ചത്. ശ്രീ. എ.കെ.ബാലൻ, അങ്ങ് ഈ സ്റ്റാന്റിൽ നിന്നാൽ എനിക്ക് ഒരു പരാതിയുമില്ല. പക്ഷേ ഇവിടെ ഇരിക്കുന്ന ശ്രീ. മുല്ലക്കര രത്നാകരൻ അവിടെ പോയി പ്രസംഗിച്ചു. അന്നത്തെ മുഖ്യമന്ത്രി എഴുതി കൊടുത്തിട്ട്, ജില്ലാ കളക്ടർ ട്രാൻസാക്റ്റ് ചെയ്തതിനെതിരെ ശ്രീ. മുല്ലക്കര രത്നാകരൻ അവിടെ ഒരു മണിക്കൂർ പ്രസംഗിച്ചു. അഞ്ച് മിനിറ്റാണെങ്കിൽ മനസ്സിലാക്കാം. പ്രിയപ്പെട്ട മുല്ലക്കര രത്നാകരനോടും പ്രതിപക്ഷത്തോടും എനിക്ക് പറയാനുള്ളത് നിങ്ങളെ ഉപദേശിക്കാൻ ഞാൻ ആരുമല്ല. പക്ഷേ ഒന്ന് നിങ്ങൾ മനസ്സിലാക്കണം. ഇതെല്ലാം ഞങ്ങളുടെ കയ്യിലുണ്ടായിരുന്നിട്ടും, കഴിഞ്ഞ ദിവസത്തെ അടിയന്തര പ്രമേയം വന്നിട്ടും ഞങ്ങൾ ഇതൊന്നും

പറഞ്ഞില്ല. അന്ന് പറയേണ്ടത് അന്ന് പറഞ്ഞു. അന്ന് ഇങ്ങനെ നിയമം കൊണ്ടുവന്ന സാഹചര്യത്തിൽ അതൊക്കെ പറഞ്ഞു. മീഡിയ കൊടുക്കുന്ന വാർത്തയ്ക്ക് പിറകേ പോയാൽ ഇതുപോലുള്ള അബദ്ധങ്ങളിൽ ചാടും. കാരണം, അവർ വസ്തുതകൾ വളച്ചൊടിക്കുന്നു എന്ന് ഞാൻ പറയില്ല. പക്ഷെ അവർക്ക് കിട്ടുന്നത് ഒരു പേപ്പറായിരിക്കും. ഇന്നലെ അവർക്ക് എവിടെനിന്നോ ക്യാബിനറ്റ് തീരുമാനത്തിന്റെ ഒരു പേപ്പർ കിട്ടി. അവരത് കൊടുത്തു. അതിന് പിറകിലുള്ള സത്യങ്ങളും യാഥാർത്ഥ്യങ്ങളും അതിലേയ്ക്ക് വന്ന സാഹചര്യങ്ങളും മനസ്സിലാക്കാതെ അതിന്റെ പിന്നാലെ പോയാൽ ഇതുപോലെ നാണം കെടേണ്ടി വരും എന്ന കാര്യം നിങ്ങൾ മറക്കരുത്. ഈ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. നെൽവയൽ നീർത്തട നിയമം കർശനമായി നടപ്പിലാക്കും. പൂർണ്ണമായും ആ നിയമം സംരക്ഷിക്കുന്ന, പരിസ്ഥിതി സംരക്ഷിക്കുന്ന നടപടിയുമായിപ്പോകും. അതേസമയം പ്രായോഗികത ഞങ്ങൾ കാണും. ഞാൻ പ്രതിപക്ഷ്ക്ഷത്തിരിക്കുന്ന എം.എൽ.എ.-മാരോട് പറയുന്നു, നിങ്ങൾ ഏതെങ്കിലും ഒരു വില്ലേജാഫീസിൽ ചെന്ന് സംസാരിച്ചുനോക്കൂ; എത്ര പ്രശ്നങ്ങൾ അവിടെയുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നെൽവയൽ നീർത്തട സംരക്ഷണ നിയമം ഞങ്ങൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കും. അതേസമയം ജനങ്ങളനുഭവിക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ ഞങ്ങൾ മനസ്സിലാക്കും. അതിന് പരിസ്ഥിതി സംര

ക്ഷണം ഉയർത്തിപ്പിടിച്ചുകൊണ്ട് പരിഹാരമുണ്ടാക്കും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. ശ്രീ. സി. ദിവാകരൻ, ഇപ്പോൾ അവസരം തരുന്നത് ചട്ട വിരുദ്ധമാണ്, എങ്കിലും അങ്ങ് സംസാരിക്കുക.

ശ്രീ. സി. ദിവാകരൻ: അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട വിഷയമല്ല പോയിന്റ് ഓഫ് ഓർഡറിൽ ഉന്നയിച്ചത്. കേരള നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ലംഘിച്ചിരിക്കുകയാണ്. പെരുമാറ്റച്ചട്ടത്തിൽ നിയമനിർമ്മാണ സഭയുടെ നടത്തിപ്പിനേയോ നടപടിക്രമങ്ങളെയോ പറ്റി നിന്ദ്യമായ പദപ്രയോഗങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അദ്ദേഹത്തിന്റെ പ്രയോഗം ****[1] എന്നാണ്, അദ്ദേഹം ശ്രീ. മുല്ലക്കര രത്നാകരനെക്കുറിച്ച് പറഞ്ഞത്. പ്രതി എന്നുപറഞ്ഞാൽ കുറ്റവാളിയാണ്. ആ പദപ്രയോഗം നിന്ദ്യമാണ്. അത് പിൻവലിക്കണം.

മി. സ്പീക്കർ: യേസ്......യേസ്........എന്താണ്? ഇത് ചർച്ചയല്ല.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മന്ത്രി കൂട്ടുപ്രതി എന്ന് പറഞ്ഞത് ഞാൻ കേട്ടില്ല. ആണെങ്കിൽപോലും ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ പറഞ്ഞത് കൊലക്കുറ്റമാണ് ചെയ്തതെന്നാണ്. കുഞ്ഞിനെ കുത്തിക്കൊല്ലുകയാണ് ചെയ്ത

---

[1] പിൻവലിച്ചു.

തെന്നാണ് പറഞ്ഞത്. അതാണ് എക്സ്പഞ്ച് ചെയ്യേണ്ടത്. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം.............(ബഹളം)..........

മി. സ്പീക്കർ: പ്രയോഗങ്ങളുടെ കാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കുന്നത് നല്ലതാണ്. എല്ലാം എക്സ്പഞ്ച് ചെയ്താൽ ഇവിടെ ഒന്നും കാണില്ല.

.........(ബഹളം)........

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ എന്ത് പറഞ്ഞു എന്ന് ഞാൻ കേട്ടില്ല. അടിയന്തിരപ്രമേയത്തിന്റെ കാര്യം അദ്ദേഹം വിശദീകരിച്ചത്.............

മി. സ്പീക്കർ: ഞാൻ പറയാം. അങ്ങനെയാണെങ്കിൽ ശ്രീ. ആര്യാടൻ മുഹമ്മദ് അതിനകത്ത് വേറൊരു കാര്യം പറഞ്ഞതായി പറഞ്ഞിട്ടുണ്ട്. രണ്ടുംകൂടി പരിശോധിച്ചിട്ട് പറായാം. ..........(ബഹളം)......മിനിസ്റ്റർ എഴുന്നേറ്റ് നിൽക്കുകയല്ലേ; എക്സ്പഞ്ച് ചെയ്യേണ്ടതാണെങ്കിൽ ചെയ്യാം.........( ബഹളം)........പ്ലീസ്.....ശ്രീ. ജയരാജൻ,......

............(ബഹളം)...........

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ബഹുമാനപ്പെട്ട അംഗം അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ അദ്ദേഹം കൂട്ടുപ്രതിയാകാ എന്നൊക്കെ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ മറുപടി പറഞ്ഞപ്പോൾ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ ആ വാക്ക് പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങ് പറഞ്ഞതിനെപ്പറ്റി എന്തെങ്കിലും പറയുന്നുണ്ടോ.

ശ്രീ. മുല്ലക്കര രത്നാകരൻ: അങ്ങ് പരിശോധിച്ച് ഞാൻ പറഞ്ഞതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ അങ്ങേയ്ക്ക് തീരുമാനമെടുക്കാം.

മി. സ്പീക്കർ: അത് പരിശോധിച്ച് എക്സ്പഞ്ച് ചെയ്യേണ്ടതാണെങ്കിൽ പിന്നീട് ചെയ്തുകൊള്ളാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): നമ്മൾ ഏകകണ്ഠമായി പാസാക്കിയ ഒരു നിയമമാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം. ആ നിയമത്തിന്റെ അന്ത:സത്ത തകർക്കത്തക്കതരത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രി കൊണ്ടുവന്ന പ്രൊപ്പോസൽ വെറുമൊരു പ്രൊപ്പോസലാണ്. അത് സംബന്ധിച്ച് ഗവൺമെന്റിന്റെ യാതൊരു ഉത്തരവും ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടാകാത്ത കാര്യങ്ങൾ ഉദ്ധരിച്ചിട്ട് നിങ്ങൾ ന്യായീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ ശരിയല്ല. നിങ്ങൾക്ക് കിട്ടിയതുപോലുള്ള പരാതികളും ആക്ഷേപങ്ങളും, ചെറിയ വീടുകൾ നാല് സെന്റിൽ വയ്ക്കുന്നതിനെ സംബന്ധിച്ചുള്ള നിരവധി അപേക്ഷകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വന്നതിന്റെ ഫലമായി, അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ അത് കൊണ്ടുവന്നിട്ടുള്ളതാണ്. അത് സംബന്ധിച്ച് ഗവൺമെന്റ് യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. അതുകൊണ്ട് അക്കാര്യം യാതൊരുതരത്തിലും ഉദാഹരിക്കാൻ പറ്റുന്നതേയല്ല. നമ്മൾ രണ്ടുകൂ

ട്ടരുംകൂടി ഒരുമിച്ച് പാസ്സാക്കിയിട്ടുള്ള ഈ നിയമത്തിന്റെ അന്തഃസത്ത കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഞാൻ ഇന്നലെത്തന്നെ എന്റെ പ്രസംഗത്തിൽ പറഞ്ഞു, തത്വത്തിൽ അംഗീകരിക്കുന്നു എന്ന നിലയിൽ ശ്രീ. രാജഗോപാലൻ കൊണ്ടുവന്ന ഒരു അപേക്ഷ, എയർപോർട്ടിനെ സംബന്ധിച്ചുള്ള അപേക്ഷ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സാധാരണ ഇതുപോലെയുള്ള കാര്യങ്ങളെപ്പറ്റി എഴുതുന്നതുപോലെ കളക്ടർമാർക്ക് എഴുതിയിട്ടുണ്ട് എന്നുള്ളതല്ലാതെ അത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള, നിങ്ങളിപ്പോൾ 2500 ഏക്കർ എന്നുള്ളതിൽനിന്ന് 2000 ഏക്കർ പിടിക്കുന്നു, അവിടെയൊരു എയർപോർട്ടിന് 500 ഏക്കർ മതിയാകും എന്നുപറഞ്ഞ് ന്യായീകരിക്കുകയാണ്. അങ്ങനെ രണ്ടായിരത്തി അഞ്ഞൂറോ രണ്ടായിരമോ എന്നൊന്നും ഒരു തരത്തിലും ആരും എടുത്തിട്ടില്ല. അതുകൊണ്ട് അവിടെ ഒരു എയർപോർട്ടിന്റെ യാതൊരു ആവശ്യവുമില്ല. കുറച്ച് പ്രമാണിമാർക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിനുവേണ്ടി, ഞാൻ അന്നുതന്നെ ഇത് നടക്കാൻ പോകുന്ന കാര്യമല്ലെന്ന് പറഞ്ഞു. ഇത് നടക്കാൻ പോകുന്നില്ലെന്ന് ഇന്നലെ ശ്രീ. കെ. ശിവദാസൻ നായരോടും ഞാൻ പറഞ്ഞു. ശ്രീ. കെ. ശിവദാസൻ നായർ എയർപോർട്ട് വരേണ്ടതില്ലെന്നുള്ള ന്യായങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവിടെ പറഞ്ഞത്. ഞങ്ങൾ അതിനെ അനുകൂലിക്കാൻ പോകുന്നില്ല. യാതൊരു കാരണവശാലും അവിടെ എയർപോർട്ടിന്റെ ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അങ്ങ് എഴുതി ഒപ്പിട്ട് കൊടുത്തതാണ് ഞാൻ വായിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അങ്ങയെ അറിയിക്കണമെന്ന് അങ്ങ് എഴുതി ഒപ്പിട്ട് കൊടുത്തിട്ട് ഇപ്പോൾ അങ്ങ് പറയുന്നത് ശരിയല്ല. ശ്രീ. മുല്ലക്കര രത്നാകരൻ അവിടെപ്പോയി പ്രസംഗിച്ചു. ഇപ്പോൾ അങ്ങും പറയുന്നു. ശ്രീ. എ. കെ. ബാലൻ എന്തുപറയുന്നു?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഞങ്ങളെല്ലാം അതിനെതിരാണ്. അങ്ങനെയൊരു എയർപോർട്ടിന്റെ ആവശ്യമില്ല. നിങ്ങൾ 500 ഏക്കർ മാറ്റിവച്ചു എന്നുപറയുന്നത് എയർപോർട്ടിനല്ലേ; നിങ്ങൾ 2500 ഏക്കർഭൂമിയിൽനിന്ന് 2000 ഏക്കർ ഒഴിവാക്കിയിട്ട് 500 ഏക്കർ കൊടുക്കാൻ ഉദ്ദേശിച്ചത് എയർപോർട്ടിനല്ലേ? ഞങ്ങൾ അതിനെതിരാണ്. അവിടെ ഒരു എയർപോർട്ടിന്റെ ആവശ്യമില്ല. കുറച്ച് പ്രമാണിമാർക്ക് യാത്ര ചെയ്യാനും പോകാനുമല്ലാതെ എയർപോർട്ട് യാതൊരാവശ്യവുമുള്ളതല്ല. ഞങ്ങൾ കൊണ്ടുവന്നത്....

ശ്രീ. ഉമ്മൻ ചാണ്ടി: നേരത്തെ ഞാൻ പറഞ്ഞ കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു. അതങ്ങ് അനുവദിക്കണം.

മി. സ്പീക്കർ: യേസ്......

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഇതുസംബന്ധിച്ച്, ആ നിയമത്തിന്റെ അന്ത:സത്തക്കുവേണ്ടി ഉറച്ചുനിൽക്കുന്നവർ ആരാണെന്നുള്ളത്

ഭാവി കേരളം കാണേണ്ടതാണ്. ആ എയർപോർട്ട് അവിടെ സ്ഥാപിക്കുന്നതിന്, അതിന്റെ പ്രമാണിമാരായിട്ടുള്ള ആളുകൾക്ക് പിൻതുണ നൽകിക്കൊണ്ട് അതിനുവേണ്ടി നിലകൊള്ളുന്നവരും അവിടത്തെ വിശേഷിച്ച്, കൃഷിസ്ഥലങ്ങളുടെയും തണ്ണീർത്തടങ്ങളുടെയെല്ലാം നാശങ്ങൾ വരികയും അതിന്റെ ഫലമായി ഭക്ഷ്യദാരിദ്ര്യം ഉണ്ടാകുകയും ചെയ്യും. ഇരുപത് ലക്ഷം ഭക്ഷ്യധാന്യം വേണ്ട സ്ഥാനത്ത് നമുക്കിവിടെ ഉൽപാദിപ്പിക്കാൻ കഴിയുന്നത് ആറ് ലക്ഷം ടണ്ണാണ്. ഈ നിലയിൽ ഭക്ഷ്യകാര്യത്തിൽ ഏറ്റവം ദുരിതമനുഭവിക്കുന്ന നമ്മുടെ സംസ്ഥാനം, ഇപ്പോഴുള്ള കൃഷി സ്ഥലവും തണ്ണീർത്തടവും നശിപ്പിക്കുന്ന സ്ഥിതിയിൽ എത്തിയാൽ നാടിനെ പട്ടിണിക്കിടുന്നതിന് നാം തന്നെ മുൻകൈ എടുക്കുക എന്നതാണ് അതിനർത്ഥം. അതുകൊണ്ട് നമ്മൾ ഒരുമിച്ച് പാസാക്കിയിട്ടുള്ള നിയമത്തിന്റെ അന്ത:സത്ത തകർക്കുന്ന തരത്തിലാണ് പോകുന്നതെങ്കിൽ പ്രതിപക്ഷം ശക്തിയായി ആ സ്ഥലത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ ഏർപ്പെടുമെന്ന് നിങ്ങളോട് ഈ അവസരത്തിൽ അറിയിച്ചുകൊണ്ട് നിങ്ങൾ അതിനോട് സഹകരിക്കുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മുഖ്യമന്ത്രി നേരത്തെ വിശദീകരിച്ചു, ഇത് ഒരു ഡ്രാഫ്റ്റാണ് അതിനെപ്പറ്റിയെല്ലാം അഭിപ്രായം ആരാഞ്ഞതിനുശേഷമേ ഈ ബിൽ കൊണ്ടുവരികയുള്ളൂ എന്നാണ്. അപ്പോഴേയ്ക്കും എത്ര ഏക്കർ നികത്തിക്കഴിയുമെന്നുള്ളത് കണ്ടറിയേണ്ട കാര്യമാണ്. ഇത് നല്ല സംരംഭമല്ല. അതിനെ എതിർത്ത് തോൽപ്പിക്കുകയാണ് വേണ്ടത്. പാവപ്പെട്ട ആളു

കൾക്ക് വീടുവയ്ക്കുന്നതിനുവേണ്ടി സ്ഥലം കൊടുക്കുന്നതിന് ആർക്കൊക്കെയാണ് വിട്ടുവീഴ്ച ചെയ്യേണ്ടതെന്നത് സംബന്ധിച്ച് നമുക്ക് ആലോചിച്ച് തീരുമാനമെടുക്കാം. 500 ഏക്കർ സ്ഥലം പമ്പാ നദിയുടെ തീരത്ത് കൊടുക്കാൻ എടുത്ത തീരുമാനം പിൻവലിക്കണം. ഒരു കാരണ വശാലും അതിന്റെ അടിസ്ഥാനത്തിൽ നീങ്ങിക്കൂടായെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. അതിന് നിങ്ങൾ സഹകരിക്കുമെന്ന് പ്രതീക്ഷി ക്കുന്നു. പക്ഷേ കാറ്റഗറിക്കലായി നിങ്ങൾ 2500 എന്നും 500 എന്നു മൊക്കെ വേർതിരിച്ച് പറഞ്ഞതുകൊണ്ട് നിങ്ങൾ അതിനാണ് നിൽക്കുന്ന തെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ട് അതിനോടുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ ............

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ഞങ്ങൾ 2500 ഏക്കറെന്നുള്ളത് 500 ആയി കുറ ച്ചു.

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം പറഞ്ഞ വിശദീകരണത്തിൽ നിന്നും കടകവിരുദ്ധമായാണ് ഇപ്പോൾ പറ ഞ്ഞത്. അദ്ദേഹം പറഞ്ഞത്, ഞങ്ങൾ അങ്ങനെയൊരു ബില്ലിനുവേണ്ടി ആലോചിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ടാണ് ഇത് പുറത്ത് അറി യാതിരുന്നത്. പക്ഷേ പത്രക്കാർ ചോർത്തിയെടുത്തതിന്റെ ഫലമായി വന്നതാണ്, അങ്ങനെ ഞങ്ങൾ ചെയ്തിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. 50,000 -ൽപ്പരം ഏക്കറാണ് നികത്തിയിരിക്കുന്നത്. നിങ്ങളുടെ ഒരു കൊല്ലത്തെ ഭരണത്തിനിടയിൽ വമ്പൻമാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടി

കളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ രംഗത്തും അങ്ങനെതന്നെയാണ്. അതിന്റെ തുടർച്ചയാണ് ആറന്മുള എയർപോർട്ടിന്റെ കാര്യത്തിലും എടുത്തിരിക്കുന്നത്. അത് യാതൊരു കാരണവശാലും ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. ആദ്യം പറഞ്ഞതിന് കടകവിരുദ്ധമായാണ് അവസാനം പറഞ്ഞത്. അതുകൊണ്ട് ഞങ്ങൾ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തേയ്ക്ക് പോകാനൊരുങ്ങിയെങ്കിലും ഭരണകക്ഷി അംഗങ്ങളുടെ കൂവലിനെ തുടർന്ന് പുറത്തുപോകാതെ സഭയിൽ തന്നെ നിന്നു)

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ...............(ബഹളം)................എന്താണ് പ്രശ്നം? വാക്കൗട്ട് ചെയ്യുന്നതിന് കൂവുകയാണ്..............കൂകി തോൽപ്പിക്കുകയാണ്. .............ഭരണകക്ഷിയല്ലേ? മുഖ്യമന്ത്രി ഇരിക്കുകയല്ലേ? .......... ഞങ്ങളെ കൂകി വെളിയിലാക്കാനാണ് നോക്കുന്നത്. മുഖ്യമന്ത്രി പറയട്ടെ. ..........(ബഹളം) ..........വാഹിദ് കൂവ്............കൂകി വെളിയിലാക്കുകയാണ്.

<u>മി. സ്പീക്കർ</u> : ഒരു മിനിട്ട്..........ഞാനൊന്ന് പറയട്ടെ ............പ്ലീസ്........പ്ലീസ് .........

<u>ശ്രീ. സി. ദിവാകരൻ</u> : കൂകി വിളിച്ചവരെ പുറത്താക്കണം. അല്ലാതെ ഞങ്ങൾ പോകുകയില്ല.

മി. സ്പീക്കർ : ഞാനൊന്ന് പറയട്ടെ, ചെയർ ഒന്ന് സംസാരിക്കട്ടെ. ........ചെയറൊന്ന് സംസാരിക്കട്ടെ............go to your seat.........please........മിനിസ്റ്റേഴ്സ് ഉൾപ്പെടെ............പ്ലീസ്...........ഞാനൊന്ന് പറയട്ടെ. .......ഞാനൊന്ന് പറയട്ടെ. Let me say..........ചെയർ ഒന്നുപറയട്ടെ. ........ശ്രീ. കെ.സി. ജോസഫ്.....ദയവുചെയ്ത് അങ്ങയുടെ സീറ്റിലേയ്ക്ക് പോകൂ......പ്ലീസ്.......ഞാനൊന്ന് പറയട്ടെ.......അദ്ദേഹത്തിന്റെ വയസ്സൊക്കെ എനിക്കുമറിയാം. .......ഞാനൊന്ന് പറയട്ടെ........ശ്രീ. ബാബു,.........പ്ലീസ്.........മൈക്ക് ഓഫ് ചെയ്ത് ആരു പറഞ്ഞാലും റിക്കാർഡിൽ വരില്ല. അതൊന്നും വരില്ല. ......ഒരു മിനിട്ട്, ഞാനൊന്ന് പറയട്ടെ. ദയവുചെയ്ത് പറയുന്നത് കേൾക്കണം. ഇവിടെ ഇന്ന് വാക്കൗട്ട് സമയത്ത് കൂവലുണ്ടായി എന്നാണ് ആക്ഷേപം. ........(ബഹളം) ........വാക്കൗട്ട് സമയത്ത് കൂവലുണ്ടായി എന്ന് ചെയർ പറയണമോ? ചെയർ പറയട്ടെ..........ഞാനൊന്ന് പറയട്ടെ. നിങ്ങൾ പ്രശ്നം തീർക്കുന്നതിനുവേണ്ടിയാണോ ബഹളം വയ്ക്കുന്നത്? പ്രതിപക്ഷത്തിനല്ല, ആർക്കും വാക്കൗട്ട് നടത്താമെന്നുള്ളത് ഇവിടെ അനുവദിക്കപ്പെട്ട ഒരു അവകാശമാണ്. ശ്രീ. സി. ദിവാകരൻ ഇങ്ങനെ ഓരോ വാക്കിനും കയറി പിടിച്ചാൽ എങ്ങനെയാണ്? ഞാനൊന്ന് സംസാരിക്കട്ടെ. എനിക്ക് പറയണ്ടേ? ഞാൻ പറയണ്ടേ? ഞാനൊന്ന് പറയട്ടെ. ..........ഇവിടെ ഈ വിഷയം വന്നു. ഇതിൽ ചെയറിന് എന്തുചെയ്യാൻ കഴിയും? ഇവിടെ ഇങ്ങനെ സംഭവിച്ചുവെന്നുള്ളത് ചെയർ വിഷ്വൽസ് പരിശോധിക്കട്ടെ. വിഷ്വൽസ് പരിശോധിച്ച

ശേഷം യുക്തമായ നടപടിയുണ്ടാകും. ........... വിഷ്വൽസ് പരിശോധിച്ചതിനുശേഷം യുക്തമായ നടപടി ചെയർ സ്വീകരിക്കുന്നതാണ്. വിഷ്വൽസിന് മൈക്ക് വേണ്ടല്ലോ? നടക്കാൻ പാടില്ലാത്തതായിട്ടുള്ള അസാധാരണമായ പല സംഭവങ്ങളും നിയമസഭയ്ക്കകത്ത് പലപ്പോഴും നടന്നിട്ടുണ്ട്. അതൊന്നും ആവർത്തിക്കപ്പെടാൻ പാടില്ല. ഇത് പരിശോധിക്കാം. ..........പ്രതിപക്ഷ നേതാവിനെ അതിന്റെ സെന്ററിൽപ്പെടുത്തേണ്ട. ചെയർ പറഞ്ഞല്ലോ? ഒരു സംഭവമുണ്ടായാൽ അതിനുള്ള പരിഹാരം എന്തെന്ന് നോക്കാമെന്ന് ചെയർ ഇവിടെ പറഞ്ഞു. ഒരു പരിഹാരമുണ്ടാക്കാമെന്ന് ഞാൻ പറഞ്ഞല്ലോ. അത് തെളിഞ്ഞു കഴിഞ്ഞാൽ .............നമുക്ക് സഭാ നടപടികളുമായി മുന്നോട്ട് നീങ്ങണം. നമുക്ക് ധനകാര്യ ബില്ലിന്റെ ചർച്ചയാണ്. ഞാൻ പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു. കക്ഷി നേതാക്കന്മാരെ വിളിക്കണമെന്നുള്ളത് ചെയർ തീരുമാനിക്കണം. ചെയർ ആലോചിക്കേണ്ടതല്ലേ? അത് ആലോചിക്കാം. ചെയർ ഒരു കാര്യം പറഞ്ഞു, വിഷ്വൽസ് പരിശോധിച്ചിട്ട് ............(ബഹളം)..........അല്പ സമയത്തേയ്ക്ക് സഭാ നടപടികൾ നിർത്തിവയ്ക്കുന്നു. ........(ബഹളം) ............

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാ നടപടികൾ 10.47-ന് നിറുത്തിവച്ചു)